**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 441** **30-01-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുവാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം, നികുതി വിഹിതം എന്നിങ്ങനെ വിവിധ ഇനങ്ങളിലായി സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽ നിന്ന് നിലവിൽ ലഭിക്കുവാനുള്ള കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ഗ്രാന്റുകളായ SDRF, SDMF, Local Body Grant എന്നീ ഇനത്തിൽ യഥാക്രമം 138.8, 69.4, 1920.58 കോടി രൂപ വീതം ഇനി ലഭ്യമാകാനുണ്ട്. UGC Grant ഇനത്തിൽ 750 കോടി രൂപയും, നെല്ല് സംഭരണ ഇനത്തിൽ 1266.14 കോടി രൂപയും കേന്ദ്രസർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി ചില പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. ഇതേ വിഷയമുയർത്തി മൂലധനചെലവുകൾക്കുള്ള പ്രത്യേക സഹായപദ്ധതിക്കും കേന്ദ്രം സഹായം ലഭ്യമായിട്ടില്ല. ഏകദേശം 3000 കോടി രൂപയുടെ പലിശരഹിത വായ്പാസഹായമാണ് ഇക്കാരണത്താൽ സംസ്ഥാനത്തിന് നഷ്ടമാകുന്നത്.<br><br>ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിച്ചത് മൂലം സംസ്ഥാനത്തിന് ഒരു വർഷത്തിൽ ശരാശരി 8500 മുതൽ 12000 കോടിയോളം രൂപ നഷമാകും. ഫൈനൽ അക്കൗണ്ട് CAG സാക്ഷ്യപ്പെടുത്തി ലഭിക്കുന്ന മുറയ്ക്കാണ് ജി.എസ്.ടി. കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. ഇതിനു വേണ്ടി അക്കൗണ്ടന്റ് ജനറൽ ഓഫീസ് ആവശ്യപ്പെട്ടിട്ടുള്ള 2017-18 ജൂലായ് മുതൽ 2022-23 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് നൽകിയിട്ടുണ്ട്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ അന്തിമ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഫീസ്, കേന്ദ്ര ധനകാര്യമന്ത്രാലയത്തിന് കൈമാറിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽ നിന്നും കുടിശ്ശിക തുക ലഭിക്കുവാൻ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ബി) | ജി എസ് ടി നിലവിൽ വന്നപ്പോൾ, ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം. 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ വാറ്റ് (VAT) ന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചു വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്നപ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽകാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും, എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിന് ശേഷം നഷ്ടപരിഹാരതുക അന്തിമമായി കണക്കാക്കാനും ടി. നിയമം വ്യവസ്ഥ ചെയ്യുന്നു. ടി. നിയമപ്രകാരം ഫൈനൽ അക്കൗണ്ട് CAG സാക്ഷ്യപ്പെടുത്തി ലഭിക്കുന്ന മുറയ്ക്കാണ് കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. ഇതിനു വേണ്ടി അക്കൗണ്ടന്റ് ജനറൽ ഓഫീസ് ആവശ്യപ്പെട്ടിട്ടുള്ള 2017-18 ജൂലായ് മുതൽ 2022-23 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് നൽകിയിട്ടുണ്ട്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ അന്തിമ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഫീസ്, കേന്ദ്ര ധനകാര്യമന്ത്രാലയത്തിന് കൈമാറിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ